**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1012** **29-08-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാന ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിന് കീഴിൽ കഴിഞ്ഞ കുറെ കാലങ്ങളായി കാർഷിക വിളകൾ നശിപ്പിക്കുന്ന കാട്ടാനകളെ വനത്തിനുള്ളിൽ കയറ്റി വിടാൻ നാളിതുവരെ സാധിച്ചിട്ടില്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് ജില്ലയിൽ കാസർഗോഡ് ഫോറസ്റ്റ് റെയ്ഞ്ചിന് കീഴിൽ 2017 മുതൽ കാട്ടാന ആക്രമണം വലിയരീതിയിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ ആനക്കൂട്ടങ്ങൾ വ്യത്യസ്ഥ സമയങ്ങളിൽ റെയ്ഞ്ചിന്റെ പരിധിയിൽ കൃഷി നാശം വരുത്തുന്നു എന്നുള്ളത് വസ്തുതയാണ്. ഈ കാട്ടാന കൂട്ടങ്ങളെ തൊട്ടടുത്ത വനങ്ങളിലേയ്ക്ക് ഓടിച്ചു വിടുന്നുണ്ടെങ്കിലും കുറച്ച് മാസങ്ങൾക്ക് ശേഷം അവ വീണ്ടും തിരിച്ചുവരുന്നതായും കൃഷി നാശം വരുത്തുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വർഷം ആദ്യം തന്നെ 12-ഓളം വരുന്ന ആന കൂട്ടത്തെ തിരികെ കാട്ടിലേയ്ക്ക് കയറ്റി വിട്ടിട്ടുണ്ട്. എന്നിരുന്നാലും മറ്റൊരു കൂട്ടം ഇപ്പോൾ കാസറഗോഡ് വന ഭാഗത്ത് വരികയും കൃഷിയിടങ്ങൾ നശിപ്പിക്കുകയും ചെയ്യുന്നുണ്ട്. ആയതിനെ തിരിച്ചയക്കാനുള്ള ശ്രമം ഊർജ്ജിതമാക്കുന്നുണ്ട്. |
| (ബി) | കഴിഞ്ഞ ഒരു വർഷത്തിനിടെ എത്ര ഹെക്ടർ കൃഷിഭൂമിയാണ് കാട്ടാന ശല്യം മൂലം നശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | കഴിഞ്ഞ ഒരു വർഷത്തിനിടെ കാസർഗോഡ്ഡി വിഷനുകീഴിലെ കാസറഗോഡ് റെയ്ഞ്ചിലെ കാറഡുക്ക, ബന്തടുക്ക, പരപ്പ സെക്ഷനുകളിലായി ഏകദേശം 30 ഹെക്ടറോളം കൃഷി ഭൂമി കാട്ടാന ശല്യം മൂലം നശിച്ചിട്ടുണ്ട്. |
| (സി) | നാശനഷ്ടം സംഭവിച്ച കർഷകർക്ക് കാലതാമസം കൂടാതെ നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | നാശനഷ്ടം സംഭവിച്ച കർഷകർക്ക് കാലതാമസം കൂടാതെ, അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | ജനജീവിതത്തിന് ഗുരുതര ഭീഷണിയായ കാട്ടാനശല്യം പൂർണ്ണമായി ഒഴിവാക്കി ഈ മേഖലയിലുള്ളവർക്ക് സമാധാനപരമായ ജീവിതം | (ഡി) | കാട്ടാനകൾ നാട്ടിൽ ഇറങ്ങുന്നത് തടയുന്നതിനായി, കാറഡുക്ക ബ്ലോക്കിൽ വനം വകുപ്പിന്റെയും പഞ്ചായത്തിൻറെയും സംയുക്ത നേതൃത്വത്തിൽ, ആനശല്യം രൂക്ഷമായ കാറഡുക്ക, മുളിയാർ, |

| | | | |
|---|---|---|---|
| | ഉറപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ? | | ദേലമ്പാടി, കുറ്റിക്കോൽ, ബേഡഡുക്ക എന്നീ പഞ്ചായത്തുകളുടെ സഹകരണത്തോടെ 29 കി.മീ. സോളാർ ഇക്ക് വേലിയുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു. ടി വേലി തലപ്പച്ചേരി മുതൽ കണ്ണാടിക്കോട് വരെയാണ് നിർമ്മിക്കുന്നത്. ആയതിൽ വെള്ളക്കാനം മുതൽ മൂളിയക്കൊച്ചി വരെ 1.5 കി.മീ. ദൂരം പണി പൂർത്തീകരിച്ചിട്ടുണ്ട്. മുഴുവൻ ഭാഗങ്ങളിലും പണി പൂർത്തിയാക്കികഴിഞ്ഞാൽ കാട്ടാനകൾ ജനവാസ മേഖലകളിൽ ഇറങ്ങുന്നത് ഒരു പരിധിവരെ തടയാൻ സാധിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ